കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം തിരുവനന്തപുരം നഗരസഭ സൂപ്രണ്ട് ശ്രീ.എസ്.അനിൽകുമാറിന്റെ സസ്പെൻഷൻകാലം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 1797/2016/തസ്വഭവ. തീയതി: തിരുവനന്തപുരം, 30/05/2016.

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 04/02/2009 ലെ വി1/1662/09 നമ്പർ നടപടിക്രമം.

2. നഗരകാര്യ ഡയറക്ടറുടെ 16/08/2010 ലെ ഇ 6/5495/10 നമ്പർ നടപടിക്രമം.

3. 19/08/2014 ലെ ജി.ഒ.(എം എസ്) നമ്പർ 21/2014/വിജി നമ്പർ ഉത്തരവ്.

4. നഗരകാര്യ ഡയറക്ടറുടെ 22/01/2016, 12/04/2016 തിയതികളിലെ വി1-26666/15 നമ്പർ കത്തുകൾ.

ഉത്തരവ്

തിരുവനന്തപുരം നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എസ്.അനിൽകുമാറിനെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നിർദ്ദേശത്തെ തുടർന്ന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി 30/01/2009 അപരാഹ്നം മുതൽ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് ഉത്തരവായിട്ടുള്ള നടപടി നഗരകാര്യ ഡയറക്ടർ പരാമർശം(1) പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നഗരകാര്യ ഡയറക്ടറുടെ പരാമർശം(2) പ്രകാരം ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും പരാമർശം (3) പ്രകാരം ശ്രീ.എസ്.അനിൽകുമാറിനെ കുറ്റവിമുക്തനാക്കിയും ഉത്തരവായിട്ടുണ്ട്. ടിയാന്റെ സസ്പെൻഷൻകാലം ക്രമവത്കരിച്ചിട്ടില്ലാത്തതിനാൽ 30/01/2009 മുതൽ 16/08/2010 വരെയുള്ള സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ സമർപ്പിച്ച അപേക്ഷ തുടർനടപടികൾക്കായി പരാമർശം(4) പ്രകാരം നഗരകാര്യ ഡയറക്ടർ അയച്ചു തന്നിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അനിൽകുമാറിന്റെ 30.01.2009 AN മുതൽ 15.08.2010 വരെയുള്ള സസ്പെൻഷൻ കാലയളവ് ഉപജീവനബത്ത കുറച്ചുള്ള ശമ്പളവും അലവൻസും ഉൾപ്പെടെ എല്ലാ കാര്യത്തിനും ഡ്യൂട്ടിയായും 16.08.2010,17.08.2010 തീയതികൾ കെ.എസ്.ആർ ഭാഗം 1 ചട്ടം 56 ബി(9)ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശനകാലമായോ അർഹതപ്പെട്ട അവധിയായോ ഇവ രണ്ടുമായോ കണക്കാക്കിയും ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ബിനുകുമാർ.വി

അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

സെക്രട്ടറി,തിരുവനന്തപുരം നഗരസഭ

ശ്രീ.എസ്.അനിൽകുമാർ,സൂപ്രണ്ട്,തിരുവനന്തപുരം നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.